## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1156 | 20.01.2014 ൽ മറുപടിക്ക് |
|---|---|

### കോഴിക്കോട് റീജിയണിലെ എയ്ഡഡ് ഹയർ സെക്കന്ററി അദ്ധ്യാപകരുടെ അവധിക്കാല ശമ്പളം

| | ചോദ്യം. | ഉത്തരം |
|---|---|---|
| | ശ്രീ. കെ. ദാസൻ | ശ്രീ. പി. കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കോഴിക്കോട് റീജിയണിലെ എയ്ഡഡ് ഹയർ സെക്കന്ററി അദ്ധ്യാപകരുടെ അവധിക്കാല ശമ്പളം തിരിച്ചു പിടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | ഇല്ല. |
| (ബി) | എങ്കിൽ ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊള്ളുന്നതിന് അടിസ്ഥാനമായ കാരണം എന്തെന്ന് വിശദമാക്കുമോ; | ബാധകമല്ല |
| (സി) | കോഴ്സ് അനുവദിച്ചപ്പോൾ തന്നെ സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് തസ്തിക അനുവദിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; | സർക്കാർ തലത്തിൽ തസ്തിക സൃഷ്ടിച്ചതിനുശേഷം മാത്രമാണ് അദ്ധ്യാപകരെ നിയമാനുസൃതം സർവ്വീസിൽ നിയമിക്കേണ്ടത്. അതുവരെ ഗസ്റ്റ് ലക്ചേഴ്സിനെ നിയോഗിച്ച് ക്ലാസ്സുകൾ നടത്തേണ്ടതാണ്. |
| (ഡി) | തസ്തിക അനുവദിക്കുന്ന കാര്യത്തിൽ വന്ന കാലതാമസം ശമ്പളം തിരിച്ചു പിടിക്കുന്നതിന് കാരണമായിട്ടുണ്ടോ? | തസ്തിക അനുവദിച്ചതിനുശേഷം നിയമനാംഗീകാരം നൽകുമ്പോൾ, അംഗീകാരം നൽകിയ തീയതി മുതലാണ് ശമ്പളം നൽകുന്നത്. അതുവരെ ഗസ്റ്റ് അദ്ധ്യാപകർക്ക് നൽകുന്ന വേതനത്തിന് മാത്രമേ അർഹതയുള്ളു. |

സെക്ഷൻ ഓഫീസർ